# പരിശോധനയ്ക്കിടെ വാഹനമിടിച്ച് ഗ്രേഡ് എസ്.ഐക്ക് പരിക്ക്

## ■ വാഹനമോടിച്ചയാളെ പൊലീസ് മർദ്ദിച്ചെന്ന് ആരോപണം ■ സ്കൂട്ടർ യാത്രികനെ വിട്ടുകിട്ടാൻ സ്റ്റേഷൻ ഉപരോധിച്ചു



*കെ.ശൈലേന്ദ്ര പ്രസാദ്*

തിരുവനന്തപുരം: പൂന്തുറ പരുത്തിക്കുഴി ജംഗ്ഷന് സമീപം വാഹന പരിശോധന നടത്തുകയായിരുന്ന പൂന്തുറ സ്റ്റേഷനിലെ ഗ്രേഡ് എസ്.ഐ കെ. ശൈലേന്ദ്ര പ്രസാദിന് (54) വാഹനമിടിച്ച് പരിക്കേറ്റതിനെച്ചൊല്ലി വാക്കുതർക്കവും സംഘർഷവും.

ചൊവ്വാഴ്ച രാത്രി ഒമ്പത് മണിയോടെ പരുത്തിക്കുഴി ജംഗ്ഷന് സമീപം സർവീസ് റോഡിൽ വാഹന പരിശോധന നടത്തുമ്പോൾ കുമരിച്ചന്ത ഭാഗത്ത് നിന്ന് വന്ന സ്കൂട്ടറാണ് ശൈലേന്ദ്രപ്രസാദിനെ ഇടിച്ചത്. സ്കൂട്ടർ ഓടിച്ചിരുന്ന പൂന്തുറ സ്വദേശിയും ഡി.വൈ.എഫ്.ഐ ചേരിയാമുട്ടം കമ്മിറ്റി അംഗവുമായ പ്രവീണിനെ (19) പൊലീസ് പിടികൂടി.

സ്റ്റേഷനിൽ എത്തിച്ച ഉടൻ ഇയാളെ വിട്ടയയ്ക്കണമെന്നാവശ്യപ്പെട്ട് ഡി.വൈ.എഫ്.ഐ പ്രവർത്തകർ സ്ഥലത്തെത്തി. എന്നാൽ ഔദ്യോഗിക കൃത്യ നിർവഹണം തടസപ്പെടുത്തിയെന്ന വാദത്തിൽ ഗ്രേഡ് എസ്.ഐ ഉറച്ചു നിന്നു. പ്രവീണിന് ലൈസൻസും ഉണ്ടായിരുന്നില്ല. സംഭവം അറിഞ്ഞെത്തിയ പ്രാദേശിക ഡി.വൈ.എഫ്.ഐ - സി.പി.എം പ്രവർത്തകർ മനഃപൂർവമല്ലാതെ സംഭവിച്ച അപകടത്തിൽ പ്രവീണിനെ പൊലീസ് മർദ്ദിച്ചതായി ആരോപിക്കുകയും യുവാവിനെ വിട്ടുകിട്ടണമെന്നാവശ്യപ്പെട്ട് മണിക്കൂറുകളോളം സ്റ്റേഷൻ ഉപരോധിക്കുകയും ചെയ്തു.

പുലർച്ചെ 2 മണിയോടെ ഉന്നത പൊലീസ് ഉദ്യോഗസ്ഥരും നേതാക്കളും തമ്മിൽ നടന്ന ചർച്ചയിലാണ് ഒത്തുതീർപ്പുണ്ടായത്. തുടർന്ന് പ്രവീണിനെതിരെ ലൈസൻസില്ലാതെ വാഹനമോടിച്ച കുറ്റത്തിന് കേസെടുത്ത് സ്റ്റേഷൻ ജാമ്യത്തിൽ വിട്ടു.

പെട്രോൾ അടിക്കാൻ പൂന്തുറ വഴി മുട്ടത്തറ ഭാഗത്തേക്ക് പോകുമ്പോൾ ആട്ടോയുടെ പിറകിൽ നിന്നാണ് എസ്.ഐ കൈകാണിച്ചതെന്നും സ്കൂട്ടർ നിറുത്താൻ ശ്രമിക്കുന്നതിനിടെ അബദ്ധത്തിലാണ് എസ്.ഐയുടെ മേൽ തട്ടിയതെന്നും പ്രവീൺ പറയുന്നു.

തന്നെ പൊലീസ് മർദ്ദിച്ചതായി ആരോപിക്കുന്ന പ്രവീൺ ജനറൽ ആശുപത്രിയിൽ ചികിത്സയിലാണ്.

അതേസമയം, അമിത വേഗതയിൽ വന്ന സ്കൂട്ടർ നിറുത്താൻ കൈകൊണിച്ചപ്പോൾ പിറകിലിരുന്ന ആൾ ഇറങ്ങിയോടിയെന്നും പെട്ടെന്ന് മുന്നോട്ട് എടുത്തപ്പോൾ വിസിൽ ഗാർഡ് സ്കൂട്ടറിൽ ഉടക്കിയതിനെ തുടർന്ന് 50 മീറ്ററോളം തന്നെ വലിച്ച് കൊണ്ട് പോവുകയായിരുന്നുവെന്നും എസ്.ഐ ശൈലേന്ദ്ര പ്രസാദ് പറഞ്ഞു.

കാലിൽ പരിക്ക് പറ്റിയ എസ്.ഐ പിന്നീട് ജനറൽ ആശുപത്രിയിൽ ചികിത്സ തേടി.

## ലോക ജലദിനാചരണവും അന്താരാഷ്ട്ര സെമിനാറും നാളെ

തിരുവനന്തപുരം: ലോക ജലദിനത്തോടനുബന്ധിച്ച് ഭൂജലവകുപ്പ് ലോകജലദിനാചരണവും അന്താരാഷ്ട്ര സെമിനാറും സംഘടിപ്പിക്കുന്നു.

നാളെ രാവിലെ 10.30ന് കനകക്കുന്ന് കൊട്ടാരത്തിൽ നടക്കുന്ന സെമിനാർ ഗവർണർ പി. സദാശിവം ഉദ്ഘാടനം ചെയ്യുമെന്ന് ഡയറക്ടർ ജെ. ജസ്റ്റിൻ മോഹൻ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

ജലസംരക്ഷണവുമായി ബന്ധപ്പെട്ട് വിവിധ വിഷയങ്ങളിൽ നടക്കുന്ന സെമിനാറിൽ നെതർലാൻഡിൽ നിന്നുള്ള അഞ്ച് ജല വിഭവ വിദഗ്ദ്ധർ പങ്കെടുക്കും. സുസ്ഥിര ജലവിഭവ പരിപാലനം, ശുചിത്വം, അന്തർ സമുദ്ര ഭൂജല പ്രവാഹം, ഹൈഡ്രോജിയോളജി എന്നീ വിഷയങ്ങളിൽ സെമിനാർ നടക്കും.

പത്രസമ്മേളനത്തിൽ ഭൂജല വകുപ്പ് പ്രതിനിധികളായ റിനി, രാജേഷ്, ഗോപാലകൃഷ്ണൻ, വാട്ടർ അതോറിട്ടി ടെക്നിക്കൽ മെമ്പർ രവീന്ദ്രൻ എന്നിവർ പങ്കെടുത്തു.

## പരിശോധനയ്ക്കിടെ എസ്.ഐയെ ഇടിച്ചിട്ട ശേഷം കടന്ന സ്കൂട്ടർ യാത്രക്കാർ പിടിയിൽ



*അറസ്റ്റിലായ പ്രതികൾ*

കടയ്ക്കാവൂർ: വാഹന പരിശോധനയ്ക്കിടെ എസ്.ഐയെ ഇടിച്ചുതെറിപ്പിച്ചശേഷംകടന്നുകളഞ്ഞസ്കൂട്ടർ യാത്രികരായ മൂന്നംഗ സംഘത്തിലെ രണ്ടുപേർ പിടിയിൽ. കായിക്കര സ്വദേശി സനീഷ് (24), അഴൂർ സ്വദേശി രാഹുൽ (24) എന്നിവരാണ് അഞ്ചുതെങ്ങ് പൊലീസിന്റെ പിടിയിലായത്. കഴിഞ്ഞ ദിവസം വൈകിട്ട് കായിക്കര ഭാഗത്ത് വാഹനപരിശോധനയ്ക്കിടെ കൈകാണിച്ച എസ്.ഐ നസീറുദ്ദീനെ ബൈക്കിലെത്തിയ മൂവർ സംഘം ഇടിച്ചു തെറിപ്പിക്കുകയും തെറി വിളിച്ച ശേഷം വെട്ടിച്ച് കടക്കുകയുമായിരുന്നു. അഞ്ചുതെങ്ങ് എസ്.എച്ച്.ഒ കലാധരൻ പിള്ളയുടെ നേതൃത്വത്തിൽ എ.എസ്.ഐമാരായ ഹരികുമാർ, സുഗുണൻ, എസ്.സി.പി.ഒ. സുനിൽ, സി.പി.ഒമാരായ ഷാജഹാൻ, ഉണ്ണിരാജ്, ഷിജു എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ അറസ്റ്റു ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.

## സ്ത്രീധന തർക്കം: അമ്മായിയമ്മയുടെ മരണം ഹൃദയാഘാതത്താലെന്ന് പൊലീസ്



*മാധവിയമ്മ*

നെയ്യാറ്റിൻകര: സ്ത്രീധന തർക്കത്തിനിടയിലെ അടിപിടിയെത്തുടർന്ന് പെരുങ്കടവിള ആങ്കോട് റോഡരികത്ത് വീട്ടിൽ മാധവിഅമ്മ (80) മരിച്ചത് ഹൃദയാഘാതംമൂലമെന്ന് മാരായമുട്ടം പൊലീസ്. മകൾ മിനിയുടെ ഭർത്താവ് അജിത്കുമാർ, കഴിഞ്ഞ 15 ന് ടോർച്ചുകൊണ്ട് തന്നെ മാരകമായി മർദ്ദിച്ചതായി നെയ്യാറ്റിൻകര ജില്ലാ ആശുപത്രിയിൽ ചികിത്സയിലായിരുന്ന മാധവിയമ്മ ഡോക്ടറോട് പറഞ്ഞിരുന്നു. ചികിത്സയിലിരിക്കേ കഴിഞ്ഞദിവസം മാധവിയമ്മ മരണമടഞ്ഞിരുന്നു.

മകൾ മിനിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ പൊലീസ് കേസെടുത്തിട്ടുണ്ട്. അസ്വാഭാവിക മരണത്തിനാണ് കേസ്. അജിത്കുമാർ ഒളിവിലാണ്. കടയ്ക്കാവൂരിലെ ദേവസ്വംബോർഡ് സ്കൂളിലെ ആയയായിരുന്ന മിനിക്കൊപ്പമാണ് 14 കൊല്ലമായി മാധവിയമ്മ താമസിച്ചിരുന്നത്. അജിത് കുമാർ വിവാഹ സമയത്ത് സ്ത്രീധനമൊന്നും ആവശ്യപ്പെട്ടിരുന്നില്ല. എന്നാൽ പിന്നീട് പണം നൽകണമെന്ന് ആവശ്യപ്പെട്ട് മിനിയെയും അമ്മയെയും ഉപദ്രവിക്കാറുണ്ടായിരുന്ന് പരാതിയിൽ പറഞ്ഞിരുന്നു.

# കൊടുംചൂടിലും തളരാതെ സ്ഥാനാർത്ഥികൾ

## ■ സമ്പത്ത് 7 അസംബ്ലി മണ്ഡലത്തിലും ആദ്യറൗണ്ട് കഴിഞ്ഞു ■ അടൂർ പ്രകാശ് എല്ലാ അസംബ്ലി മണ്ഡലങ്ങളും സന്ദർശിച്ചു

◗ശ്രീകുമാർപള്ളീലേത്ത്



തിരുവനന്തപുരം: ബി.ജെ.പി സ്ഥാനാർത്ഥിയുടെ കാര്യത്തിൽ വ്യക്തതയില്ലെങ്കിലും കടുത്ത ചൂടിലും നെട്ടോട്ടമാണ് ആറ്റിങ്ങൽ മണ്ഡലത്തിലെ എൽ.ഡി.എഫ്, യു.ഡി.എഫ് സ്ഥാനാർത്ഥികൾ. തുടർച്ചയായ മൂന്നാം മത്സരത്തിനിറങ്ങിയ സിറ്റിംഗ് എം.പി ഡോ. എ. സമ്പത്ത് മണ്ഡലത്തിലെ പ്രമുഖവ്യക്തികളെയെല്ലാം സന്ദർശിച്ചു കഴിഞ്ഞു.

നേരത്തേ സ്ഥാനാർത്ഥി പ്രഖ്യാപനം വന്നതും മണ്ഡലം തിരഞ്ഞെടുപ്പു കൺവെൻഷൻ ആദ്യം തന്നെ നടത്താൻ കഴിഞ്ഞതും പ്രചാരണത്തിൽ സമ്പത്തിന് മുൻതൂക്കം നൽകി. ഇന്നലെ ചിറയിൻകീഴിലെ പര്യടനം പൂർത്തിയാക്കിയതോടെ ഏഴ് അസംബ്ലി മണ്ഡലങ്ങളിലും ഒരു റൗണ്ട് പര്യടനം തികയ്ക്കാൻ സമ്പത്തിന് കഴിഞ്ഞു. അസംബ്ലി മണ്ഡലം കൺവെൻഷനുകളും സമാപിച്ചു. 23 ഓടെ ബൂത്ത്തല കൺവെൻഷനുകളും പൂർത്തിയാവും.

മണ്ഡലത്തിലെരാഷ്ട്രീയ അന്തരീക്ഷം തീർത്തും ഇടതുപക്ഷത്തിന് അനുകൂലമാണെന്ന് പാർലമെന്റ് മണ്ഡലം തിരഞ്ഞെടുപ്പ് കമ്മിറ്റി കൺവീനർ വി. ശിവൻകുട്ടി പറഞ്ഞു. അരുവിക്കര ഒഴികെയുള്ള ആറ് അസംബ്ലി മണ്ഡലങ്ങളും ഇടതുപക്ഷത്തിന്റെ കൈയിലാണ്. എല്ലാ എം.എൽ.എമാരും നന്നായിമണ്ഡലം നോക്കുന്നവരുമാണ്. ആറ്റിങ്ങൽ, വർക്കല, നെടുമങ്ങാട് മുനിസിപ്പാലിറ്റികൾ അടക്കം ഭൂരിപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും എൽ.ഡി.എഫാണ് ഭരിക്കുന്നത്. ഇതും മേൽക്കൈ നൽകുന്ന ഘടകമാണ്. എം.പി എന്ന നിലയ്ക്ക് സമ്പത്ത് നടത്തിയ തിളക്കമാർന്ന പ്രവർത്തനങ്ങൾ ജനങ്ങൾക്ക് ബോദ്ധ്യമുള്ളതാണെന്നും ശിവൻകുട്ടി ചൂണ്ടിക്കാട്ടി.

തിരഞ്ഞെടുപ്പ് പ്രഖ്യാപനം വരുംമുമ്പ് തന്നെ ആറ്റിങ്ങലിൽ മത്സരിക്കേണ്ടിവരുമെന്ന സൂചന കിട്ടിയിരുന്നതിനാൽ യു.ഡി.എഫ് സ്ഥാനാർത്ഥി അടൂർ പ്രകാശ് ചില മുന്നൊരുക്കങ്ങൾ നടത്തിയിരുന്നു. എന്നാൽ പിന്നീട് ചില ആശയക്കുഴപ്പങ്ങൾ വന്നതിനാൽ അടൂർ പ്രകാശ് അല്പമൊന്ന് പിൻവാങ്ങി. സ്ഥാനാർത്ഥി പ്രഖ്യാപനം വന്നതോടെ രണ്ട് ദിവസംമുമ്പാണ് വീണ്ടും അദ്ദേഹം കളത്തിലിറങ്ങിയത്. പാർലമെന്റ് മണ്ഡലം തിരഞ്ഞെടുപ്പ് കൺവെൻഷൻ ഇന്ന് ആറ്റിങ്ങലിൽ മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഉദ്ഘാടനം ചെയ്യുന്നതോടെ പ്രചാരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാവുമെന്ന് തിരഞ്ഞെടുപ്പ് കമ്മിറ്റിയുടെ ചുമതലക്കാരൻ കരകുളം കൃഷ്ണപിള്ള പറഞ്ഞു. അസംബ്ലി മണ്ഡലം കൺവെൻഷനുകൾ മാർച്ച് 23 മുതൽ 26 വരെ തീയതികളിൽ നടക്കും. കഴിഞ്ഞ രണ്ട് ദിവസങ്ങളിലായി എല്ലാ അസംബ്ലി മണ്ഡലങ്ങളിലും അടൂർ പ്രകാശ് ഒരു ഓട്ടപ്രദക്ഷിണം നടത്തിക്കഴിഞ്ഞു. യു.ഡി.എഫിന് അനുകൂലമായ അന്തരീക്ഷമാണ് മണ്ഡലത്തിലുള്ളതെന്നും കരകുളം വ്യക്തമാക്കി.




*അടൂർ പ്രകാശിനു വേണ്ടി സമൂഹ മാദ്ധ്യമങ്ങളിൽ പ്രചരിക്കുന്ന പോസ്റ്റർ*

ഇതിനിടെ അടുത്തിടെ സൂപ്പർഹിറ്റായ സത്യൻഅന്തിക്കാട് ചിത്രം 'ഞാൻ പ്രകാശനി'ൽ ഫഹദ് ഫാസിൽ ബൈക്കിൽ പോകുന്ന ദൃശ്യം ഉൾപ്പെടുത്തിയ പോസ്റ്ററിന്റെ മാതൃകയിൽ അടൂർ പ്രകാശിനായി തയ്യാറാക്കിയ പോസ്റ്ററും ശ്രദ്ധേയമായി. ഞാൻ പ്രകാശ് എന്ന ടൈറ്റിലിൽ കണിയാപുരത്തെ ഒരു പാർട്ടി പ്രവർത്തകനാണ് പോസ്റ്റർ തയ്യാറാക്കിയത്. ഈ പോസ്റ്റർ സ്ഥാനാർത്ഥി ഫേസ്ബുക്ക് പേജിൽ ഉൾപ്പെടുത്തുകയും ചെയ്തു.

## നവോത്ഥാന മൂല്യ സംരക്ഷണ സമിതി പ്രതിഷേധിച്ചു

തിരുവനന്തപുരം: എൻ.സി.ആർ.ടിയുടെ ഒമ്പതാം ക്ലാസിലെ ചരിത്ര പാഠപുസ്തകത്തിൽ നിന്ന് നവോത്ഥാനം പരാമർശിക്കുന്ന പാഠഭാഗങ്ങൾ എടുത്ത് മാറ്റിയതിനെതിരെ വെള്ളയമ്പലം അനിമേഷൻ സെന്ററിൽ ചേർന്ന നവോത്ഥാന മൂല്യ സംരക്ഷണ സമിതി ജില്ലാ സെക്രട്ടേറിയറ്റ് യോഗം പ്രതിഷേധിച്ചു.

നവോത്ഥാന മൂല്യ സംരക്ഷണ സമിതി ജില്ലാ ചെയർമാൻ ഫാ. യൂജിൻ പെരേര അദ്ധ്യക്ഷത വഹിച്ചു. ജില്ലാ കൺവീനർ ആലുവിള അജിത്, എം.പി. റസൽ, ആലംകോട് സുരേന്ദ്രൻ, വള്ളക്കടവ് നസീർ, കവിത ശ്രീനിവാസ്, നെയ്യാറ്റിൻകര സത്യശീലൻ, ആർ.ജയറാം, ആർ.രാജ്കുമാർ തുടങ്ങിയവർ സംസാരിച്ചു.


**60-ാം വിവാഹവാർഷികം (21.03.2019)**



**കെ. ഗോപിനാഥൻ എൻ. സുമതി**
മുരളിസദനം, കല്ലറ, തിരുവനന്തപുരം.
ആശംസകളോടെ,
മക്കൾ, മരുമക്കൾ, ചെറുമക്കൾ.


# അഴൂരിലെ ഗുണ്ടാവിളയാട്ടം: ഒരു പ്രതികൂടി പൊലീസ് പിടിയിൽ

ചിറയിൻകീഴ്: അഴൂർ കോളിച്ചിറ തൊടിയിൽ വീട്ടിൽ കണ്ണൻ, സഹോദരൻ ഉണ്ണി, ബന്ധുവായ ഗിരിജ എന്നിവരെ വീട് കയറി ആക്രമിച്ച് വെട്ടി പരിക്കേല്പിക്കുകയും മറ്റ് മൂന്നു പേരെ മർദ്ദിക്കുകയും ചെയ്ത കേസിൽ ഒരു പ്രതി കൂടി ഇന്നലെ പൊലീസ് പിടിയിലായി.

അഴൂർ കോളിച്ചിറ സ്വദേശി അഭിലാഷാണ് പിടിയിലായത്. ആറ്റിങ്ങലിന് സമീപം ഒളിവിൽ കഴിയുകയായിരുന്ന പ്രതിയെ രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് പിടികൂടിയത്.

സംഭവവുമായി ബന്ധപ്പെട്ട് കോളിച്ചിറ സ്വദേശിയായ കണ്ണൻ, അനീഷ് എന്നിവരെ നേരത്തേ പൊലീസ് പിടികൂടിയിരുന്നു. കണ്ണന് കഴുത്തിലും മുതുകിലും കണങ്കാലിലുമായി ഏഴോളം വെട്ടേറ്റു.

ഉണ്ണിയുടെ കാലിലും ഗിരിജയുടെ വലതു കൈപ്പത്തിയിലുമാണ് വെട്ടേറ്റത്. ഗിരിജയുടെ ഭർത്താവ് മോഹനൻ, കണ്ണന്റെ ഭാര്യ മീര, ഇവരുടെ അമ്മ ഉഷ എന്നിവർക്കാണ് അക്രമി സംഘത്തിന്റെ മർദ്ദനമേറ്റത്.

കേസുമായി ബന്ധപ്പെട്ട് മൂന്നു പേർ കൂടി പിടിയിലാകാനുണ്ട്. ലഹരി വില്പന നടത്തുന്ന സംഘത്തിനെതിരെ പൊലീസിൽ പരാതി നൽകിയതിലുള്ള വൈരാഗ്യമാണ് ആക്രമണത്തിന് പിന്നിലെന്ന് പൊലീസ് പറഞ്ഞു.

ചിറയിൻകീഴ് എസ്.ഐ സജീവൻ, സി.പി.ഒ മാരായ ശരത് കുമാർ, സുൾഫിക്കർ എന്നിവരടങ്ങുന്ന സംഘമാണ് പ്രതിയെ പിടികൂടിയത്. ആറ്റിങ്ങൽ കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു. മറ്റ് പ്രതികൾ ഉടൻ പിടിയിലാകുമെന്ന് പൊലീസ് പറഞ്ഞു.

## വാമദേവൻ അനുസ്മരണവും അവാർഡ് വിതരണവും

തിരുവനന്തപുരം: ചീഫ് ജുഡിഷ്യൽ മജിസ്ട്രേട്ട് (റിട്ട.) കെ. വാമദേവന്റെ ഒൻപതാം ചരമവാർഷികവും അവാർഡ് സമർപ്പണവും പേട്ട അക്ഷരവീഥി നന്ദനത്തിൽ നടന്നു. സ്വാമി ശുഭാംഗാനന്ദയുടെ ഗുരുപൂജയോടെയാണ് ചടങ്ങുകൾ ആരംഭിച്ചത്. ചടങ്ങിൽ ഗവ. ലാ കോളേജിൽ നിന്ന് എൽഎൽ.എമ്മിന് ഉന്നത വിജയം നേടിയ അനു പ്രകാശിനുള്ള അവാർഡ് ഭർത്താവ് ഷൈജുവിന് സ്വാമി ശുഭാംഗാനന്ദ നൽകി. ഡോ. ഇന്ദ്രസേനൻ അദ്ധ്യക്ഷത വഹിച്ചു. ഹമീദ് അനുമോദന പ്രസംഗം നടത്തി. രാധാമണി സ്വാഗതവും ശശിധരൻനായർ കൃതജ്ഞതയും രേഖപ്പെടുത്തി. 10001 രൂപയും പ്രശസ്തി പത്രവുമാണ് അവാർഡ്.




*ചീഫ് ജുഡിഷ്യൽ മജിസ്ട്രേട്ട് (റിട്ട.) കെ. വാമദേവന്റെ ഒൻപതാം ചരമവാർഷികത്തോടനുബന്ധിച്ച് നടന്ന ചടങ്ങിൽ ഗവ. ലാ കോളേജിൽ നിന്ന് എൽഎൽ.എമ്മിന് ഉന്നതവിജയം കരസ്ഥമാക്കിയ അനു പ്രകാശിനുള്ള അവാർഡ് ഭർത്താവ് ബി.എസ്. ഷൈജു സ്വാമി ശുഭാംഗാനന്ദയിൽ നിന്ന് സ്വീകരിക്കുന്നു. ഡോ. രത്നമ്മ, ഡോ. ജി.പി. ജയപ്രകാശ്, ഡോ. ഇന്ദ്രസേനൻ എന്നിവർ സമീപം*


**കെൽട്രോൺ (A Govt.of Kerala Undertaking)**
**പ്രീ-സ്കൂൾ, മോണ്ടിസോറി**
**ടീച്ചർ ട്രെയിനിംഗ്**
**കോഴ്സുകളിലേക്ക് അപേക്ഷിക്കാം.**

കേരള സർക്കാർ സ്ഥാപനമായ "KELTRON" നടത്തുന്ന പ്രീ-സ്കൂൾ (1Yr, യോഗ്യത: SSLC or Above), നഴ്സറി ടീച്ചർ (2Yrs, യോഗ്യത: +2 or Above) , മോണ്ടിസോറി ടീച്ചർ ട്രെയിനിംഗ് (1Yr, യോഗ്യത: +2 or Above) കോഴ്സുകളിലേയ്ക്ക് വനിതകൾക്ക് അപേക്ഷിക്കാം. അപേക്ഷകർ KTTC എന്ന് ടൈപ്പ് ചെയ്ത് സ്പെയ്സ് ഇട്ട ശേഷം പേര്, വിലാസം, ഫോൺ നമ്പർ, പഠിക്കാനുദ്ദേശിക്കുന്ന സ്ഥലം, ജില്ല എന്നിവ 7902725114 ൽ SMS അയയ്ക്കുക.Ph: 9072592460.

KSG/469/03/2019_5X8_B

**പഠനകേന്ദ്രങ്ങൾ അനുവദിച്ച് കിട്ടുന്നതിന്**
http://keltron.org/EOI/EOI_FORMAT_PRE_PRIMARY_2019.pdf. Ph: 0471 - 4012416, 9072592420

**തീരാദുഃഖത്തിന് ഒരു വയസ്സ് (21.03.2019)**



**ജയദേവൻ.സി**
(Rtd. Deputy Director,
Khadi & Village Industries Board)
അക്ഷയ,
അരുവിയോട്,
മണ്ണന്തല പി.ഒ.

പുണ്യാത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട്,

ഭാര്യ : ജയശ്രീ
മക്കൾ : പ്രമിൽദേവ്,
ശ്രീദേവി,
മരുമകൻ : മിഥുൻ,
സഹോദരങ്ങൾ :
ദേവരാജൻ,
പ്രസന്നകുമാരി,
ദേവദത്തൻ.







Kaumudy TV - Channel Position Numbers

| VIDEOCON | airtel | TATA Sky | ZING | | DEN | | ACV |
|---|---|---|---|---|---|---|---|
| 613 | 839 | 1845 | 713 | 35 | 612 | 108 | 116 |

For Advertisement | North Zone - 9946108315 | Central Zone - 9946108251 | South Zone - 9995463872

www.kaumudy.tv | www.youtube.com/kaumudy | Contact - 9946103729

**ഇന്ന് നറുക്കെടുക്കുന്നു**

കേരള സംസ്ഥാന ഭാഗ്യക്കുറി
**സമ്മർ**
ബമ്പർ ഭാഗ്യക്കുറി 2019

ഒന്നാം സമ്മാനം
**4 കോടി രൂപ**

കേരള സർക്കാർ

ടിക്കറ്റ് വില ₹150

**കോടിക്കണക്കിന് രൂപയുടെ നിരവധി സമ്മാനങ്ങൾ**